ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07-02-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) ഇന്ത്യ–അമേരിക്ക ഉഭയകക്ഷി വ്യാപാര കരാർ യാഥാർത്ഥ്യത്തിലേക്ക്. കരാറിൻറെ ചട്ടക്കൂട് രൂപീകരിച്ചതായി ഇരുരാജ്യങ്ങളുടേയും സംയുക്ത പ്രസ്താവന.

   India and the United States of America have reached a framework for an Interim Trade Agreement regarding reciprocal and mutually beneficial trade.

2) രണ്ട് ദിവസത്തെ മലേഷ്യ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ക്വാലാലംപൂരിൽ എത്തും.

   Prime Minister Narendra Modi to embark on a two-day visit to Malaysia today.

3) ഇസ്ലാമാബാദ് സ്ഫോടനത്തെ അപലപിച്ച് ഇന്ത്യ. പാകിസ്ഥാൻറെ ആഭ്യന്തര പ്രശ്നങ്ങൾക്ക് മറ്റു രാജ്യങ്ങളെ കുറ്റപ്പെടുത്തുന്നത് ദൗർഭാഗ്യകരമെന്ന് വിദേശകാര്യ മന്ത്രാലയം.

   India has condemned the Islamabad bomb blast. External Affairs Ministry termed it unfortunate that Pakistan is choosing to delude itself by blaming others for its homegrown ills.

4) അഗ്നി-3 മധ്യ ദൂര ബാലിസ്റ്റിക് മിസൈൽ ഇന്ത്യ വിജയകരമായി പരീക്ഷിച്ചു.

   Intermediate Range Ballistic Missile Agni-3 successfully test-fired from Chandipur, Odisha.

5) മൂന്നാമത് രാജ്യാന്തര ഊർജ്ജമേളയ്ക്ക് ഇന്ന് എറണാകുളത്ത് തുടക്കം. 'ഊർജ്ജഭാവിയുടെ ശാക്തീകരണം' പ്രമേയം.

The third International Energy Summit will begin today in Ernakulam, Kerala with the theme - Empowerment of the Energy Future.

6) ഐസിസി പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പ് ഇന്ന് മുതൽ. അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഇന്ത്യക്ക്.

The ICC Men's T20 World Cup 2026 will begin from today. India clinch Under-19 ODI Cricket World Cup.

*********************************

## U.S-INDIA BILATERAL TRADE AGREEMENT (INTRO)

ഇന്ത്യ – അമേരിക്ക ഉഭയകക്ഷി വ്യാപാരക്കരാറിൻറെ ചട്ടക്കൂട് രൂപീകരിച്ചു. പരസ്പരം പ്രയോജനകരമായ വ്യാപാരം സംബന്ധിച്ച ഇടക്കാല കരാറിനുള്ള ചട്ടക്കൂടിൽ എത്തിയതായി ഇരുരാജ്യങ്ങളും സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. 2025 ഫെബ്രുവരി 13ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തുടക്കമിട്ട ഉഭയകക്ഷി വ്യാപാര കരാർ ചർച്ചകളുടെ ഫലമായാണ് നടപടി. **വിശദാംശങ്ങളിലേക്ക്.......**

**(വോയിസ്)**

ഇന്ത്യ - യു എസ് വ്യാപാര കരാർ പ്രകാരം വ്യാവസായിക ഉൽപ്പന്നങ്ങൾ, ഉണക്കിയ ധാന്യങ്ങൾ, പഴങ്ങൾ, സോയാബീൻ എണ്ണ, വൈൻ, സ്പിരിറ്റുകൾ എന്നിവയുൾപ്പെടെ വിവിധ യുഎസ് ഭക്ഷ്യ–കാർഷിക ഉൽപ്പന്നങ്ങൾക്കു ഇന്ത്യ തീരുവ ഇല്ലാതാക്കുകയോ കുറയ്ക്കുകയോ ചെയ്യും. ഇന്ത്യയിൽ നിന്നുള്ള തുണിത്തരങ്ങൾ, തുകൽ, പാദരക്ഷകൾ, പ്ലാസ്റ്റിക്, റബ്ബർ, ജൈവ രാസവസ്തുക്കൾ, വീട്ടുപകരണങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയുൾപ്പെടെയുള്ളവയ്ക്ക് അമേരിക്ക 18 ശതമാനം തീരുവ ബാധകമാക്കും. ജനറിക് ഫാർമസ്യൂട്ടിക്കൽസ്, രത്നങ്ങൾ, വജ്രങ്ങൾ, വിമാന ഭാഗങ്ങൾ എന്നിവയുൾപ്പെടെ നിരവധി വസ്തുക്കളുടെ പരസ്പര തീരുവ ഒഴിവാക്കും. യുഎസ് ഭക്ഷ്യ, കാർഷിക ഉൽപ്പന്നങ്ങളുടെ വ്യാപാരത്തിന് ദീർഘകാലമായി നിലനിൽക്കുന്ന തീരുവ ഇതര തടസ്സങ്ങൾ പരിഹരിക്കാനും ഇന്ത്യ സമ്മതിച്ചു. അടുത്ത 5 വർഷത്തിനുള്ളിൽ അമ്പതിനായിരം കോടി ഡോളറിന്റെ

യുഎസ് ഉൽപ്പന്നങ്ങൾ ഇന്ത്യ വാങ്ങും. ഉഭയകക്ഷി വ്യാപാരത്തെ ബാധിക്കുന്ന തീരുവ ഇതര തടസ്സങ്ങൾ ഇരുരാജ്യങ്ങളും പരിഹരിക്കും. യുഎസ് മെഡിക്കൽ ഉപകരണങ്ങളുടെ വ്യാപാരത്തിന് ദീർഘകാലമായി നിലനിൽക്കുന്ന തടസ്സങ്ങൾ പരിഹരിക്കാൻ ഇന്ത്യ സമ്മതിച്ചു. യുഎസ് വിവരസാങ്കേതികവിദ്യാ ഉൽപ്പന്നങ്ങളുടെ വിപണി പ്രവേശനം വൈകിപ്പിക്കുന്ന നിയന്ത്രിത ഇറക്കുമതി ലൈസൻസിങ് നടപടിക്രമങ്ങൾ ഇല്ലാതാക്കാനും ധാരണയായി. ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ തീരുവ തുടർന്നും കുറയ്ക്കണമെന്ന അഭ്യർത്ഥന പരിഗണിക്കുമെന്ന് അമേരിക്ക ഉറപ്പുനൽകി. മാർഗരേഖക്ക് അനുസൃതമായി ഇടക്കാല കരാർ അന്തിമമാക്കുന്നതിനായി ഇരുരാജ്യങ്ങളും പ്രവർത്തിക്കുമെന്ന് സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. **ന്യൂസ് ഡെസ്ക്, ആകാശവാണി**

****************************************

## PRESIDENT –BLACK SWAN SUMMIT

രാജ്യത്തെ ഡിജിറ്റൽ, ഫിൻടെക് മേഖലകൾ വികസിക്കുമ്പോൾ സ്ത്രീ പങ്കാളിത്തം കൂടുതൽ ഉണ്ടാകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഒഡീഷയിലെ ഭുവനേശ്വറിൽ 'ബ്ലാക്ക് സ്വാൻ സമ്മിറ്റിൽ' സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. 57 കോടി ജൻ ധൻ അക്കൗണ്ടുകളിൽ 56 ശതമാനവും സ്ത്രീകൾക്കാണെന്നത് സ്ത്രീശാക്തീകരണത്തിന്റെ തെളിവാണെന്നും ശ്രീമതി മുർമു പറഞ്ഞു.

****************************************

## PM-KUALA LUMPUR- INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ മലേഷ്യ സന്ദർശനത്തിനായി ഇന്ന് ക്വാലാലംപൂരിൽ എത്തും. സമഗ്ര തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കുന്നത് ഉൾപ്പെടെ ഉഭയകക്ഷി ബന്ധത്തിന്റെ വിവിധ വശങ്ങൾ ഇരുരാജ്യങ്ങളും അവലോകനം ചെയ്യും. **വിശദാംശങ്ങളിലേക്ക്......**

(വോയ്സ്)

പരമ്പരാഗത മേഖലകൾക്കപ്പുറം സഹകരണം വികസിപ്പിക്കാനാണ് പ്രധാനമന്ത്രിയുടെ സന്ദർശനത്തിൽ ഇരുരാജ്യങ്ങളും ശ്രമിക്കുന്നതെന്ന് മലേഷ്യയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ബി എൻ റെഡ്ഡി പറഞ്ഞു. വ്യാപാരം, സമ്പദ്‌വ്യവസ്ഥ, നവീന സാങ്കേതികവിദ്യകൾ, ഊർജ്ജം, വിദ്യാഭ്യാസം എന്നിവയുൾപ്പെടെ പ്രധാന മേഖലകളിലെ ബന്ധം ശക്തിപ്പെടുത്തും. പ്രധാനമന്ത്രിയുടെ സന്ദർശനം മലേഷ്യയിലെ ഇന്ത്യൻ പ്രവാസികൾക്ക് ആവേശം പകരും. ജനങ്ങൾ തമ്മിലുള്ള ശക്തമായ ബന്ധത്തെ പ്രതിഫലിപ്പിക്കുന്ന വലിയ സാമൂഹിക പരിപാടി ക്വാലാലംപൂരിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യ-മലേഷ്യ ബന്ധങ്ങളിൽ വളർന്നുവരുന്ന അടുപ്പം പ്രകടമാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദിയും മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമും സംയുക്തമായി പരിപാടിയെ അഭിസംബോധനചെയ്യും. പരസ്പര താൽപര്യമുള്ള സുപ്രധാന വിഷയങ്ങളിൽ ഒരുമിച്ചുള്ള പ്രവർത്തനം ശക്തമാക്കാനും ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്താനും ലക്ഷ്യമിട്ടുള്ള പ്രതിനിധിതല ചർച്ചകളും ധാരണാപത്ര കൈമാറ്റവും നടക്കും.

**ന്യൂസ് ഡസ്ക്, ആകാശവാണി......**

********************************

## MEA – PAK ATTACK

പാകിസ്റ്റാനിലെ ഇസ്ലാമാബാദിൽ ഇന്നലെ ഉണ്ടായ സ്ഫോടനത്തെ ഇന്ത്യ അപലപിച്ചു. പാകിസ്ഥാൻറെ ആഭ്യന്തര പ്രശ്നങ്ങൾക്ക് മറ്റു രാജ്യങ്ങളെ കുറ്റപ്പെടുത്തുന്നത് ദൗർഭാഗ്യകരമാണെന്നും, ഇത്തരം അടിസ്ഥാനരഹിതമായ ആരോപണങ്ങളെ തള്ളിക്കളയുന്നതായും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

********************************

## AMIT SHAH-CHHATTISGARH

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ മൂന്ന് ദിവസത്തെ ഛത്തിസ്ഗഢ് സന്ദർശനം ഇന്ന് ആരംഭിക്കും. ആഭ്യന്തര സുരക്ഷ, വികസനം തുടങ്ങിയവ അവലോകനം ചെയ്യുന്ന അദ്ദേഹം വിവിധ സാംസ്കാരിക പരിപാടികളിലും പങ്കെടുക്കും. റായ്പൂരിൽ മുതിർന്ന ഉദ്യോഗസ്ഥരുമായി ശ്രീ അമിത് ഷാ ഇന്ന് കൂടിക്കാഴ്ച നടത്തും. Chhattisgarh @ 25 ദേശീയ കോൺക്ലേവിൽ അദ്ദേഹം മുഖ്യ അതിഥിയാകും.

****************************************

## AGNI-THREE MISSILE

അഗ്നി-3 ബാലിസ്റ്റിക് മിസൈൽ ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. ഒഡീഷയിലെ ചാന്ദിപ്പൂരിലുള്ള ഇൻ്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ നിന്നായിരുന്നു വിക്ഷേപണം. സ്ട്രാറ്റെജിക് ഫോഴ്സസ് കമാൻഡിന് കീഴിലാണ് പരീക്ഷണം നടത്തിയത്. DRDO വികസിപ്പിച്ച മധ്യദൂര മിസൈലായ അഗ്നി 3-ന്റെ ദൂരപരിധി 3000 കിലോമീറ്ററിന് മുകളിലാണ്. പരീക്ഷണത്തിലൂടെ മിസൈലിന്റെ പ്രവർത്തന, സാങ്കേതിക ഘടകങ്ങൾ വിജയകരമായി പൂർത്തിയാക്കിയെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

****************************************

## MEGHALAYA-BLAST

മേഘാലയയിൽ ഈസ്റ്റ് ജയന്തിയ ഹിൽസ് ജില്ലയിലെ താങ്‌സ്കോ മേഖലയിൽ അനധികൃത കൽക്കരി ഖനിയിൽ ഉണ്ടായ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 25 ആയി. ഇതിൽ 17 പേരെ തിരിച്ചറിയുകയും മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകുകയും ചെയ്തു. സ്ഫോടനം ഉണ്ടായ സ്ഥലത്ത് ഇന്നലെ രാത്രി വൈകിയും തിരച്ചിൽ തുടർന്നു. സംഭവത്തിൽ ഇതുവരെ രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തു.

********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(BREAK)

********************************

## ECI- SIR

ഉത്തർപ്രദേശിൽ നടക്കുന്ന തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻ മേലുള്ള അവകാശവാദങ്ങളും എതിർപ്പുകളും സമർപ്പിക്കുന്ന തിനുള്ള അവസാന തീയതി അടുത്ത മാസം 6 വരെ തിരഞ്ഞെടുപ്പ് കമ്മീഷൻ നീട്ടി. ഇതിലൂടെ വോട്ടർമാർക്ക് അവരുടെ വിശദാംശങ്ങൾ പരിശോധിക്കാനും, തിരുത്തലുകൾക്കും, പേരുകൾ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നത് ഉറപ്പാക്കാനും അധിക സമയം നൽകും.

********************************

## ICC T20 WC

ഐസിസി പുരുഷ ടി-20 ക്രിക്കറ്റ് ലോകകപ്പിന് ഇന്ന് തുടക്കമാവും. ഇന്ത്യയും ശ്രീലങ്കയും സംയുക്തമായി ആതിഥേയത്വം വഹിക്കുന്ന ടൂർണമെന്റിൽ 20 ടീമുകൾ പങ്കെടുക്കും. ഇന്ന് രാവിലെ 11 നു കൊളംബോയിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ പാകിസ്ഥാൻ നെതർലൻഡ്സിനെ നേരിടും. വൈകുന്നേരം 3 മണിക്ക് നടക്കുന്ന രണ്ടാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസ് സ്കോട്ട്ലണ്ടിനെ നേരിടും . ഇന്ത്യ, യു എസ്സ് എ മത്സരം രാത്രി 7 നു നടക്കും.

********************************

## U19 CRICKET WORLD CUP WIN- INTRO

അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യക്ക് കിരീടം. ഫൈനലിൽ ഇംഗ്ലണ്ടിനെ 100 റൺസിന് തകർത്താണ് ഇന്ത്യ ആറാം തവണയും ലോകകപ്പ് സ്വന്തമാക്കിയത്. **ഒരു റിപ്പോർട്ട്.......**

(വോയ്സ്)

ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 175 റൺസ് നേടിയ വൈഭവ് സൂര്യവംശിയുടെ കരുത്തിൽ 50 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 411 റൺസ് എടുത്തു. മറുപടി ബാറ്റിംഗിൽ ഇംഗ്ലണ്ട് 311 റൺസിന് എല്ലാവരും പുറത്തായി. അണ്ടർ-19 ലോകകപ്പ് ഫൈനൽ ചരിത്രത്തിലെ ഏറ്റവും വലിയ വിജയമാണിത്. വൈഭവ് സൂര്യവംശിയാണ് കളിയിലെയും പാരമ്പരയിലെയും താരം. അണ്ടർ-19 ലോകകപ്പ് ജേതാക്കളായ ഇന്ത്യൻ ടീമിനെ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവർ അഭിനന്ദിച്ചു. **ന്യൂസ് ഡസ്ക്, ആകാശവാണി........**

*********************************

## INTERNATIONAL ENERGY FAIR

മൂന്നാമത് രാജ്യാന്തര ഊർജ്ജമേളയ്ക്ക് ഇന്ന് എറണാക്കുളത്ത് തുടക്കമാകും. മൂന്ന് ദിവസത്തെ മേള മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. 'ഊർജ്ജഭാവിയുടെ ശാക്തീകരണം' എന്നതാണ് ഇത്തവണത്തെ പ്രമേയം. ഗ്രീൻ എക്സ്പോ, ചർച്ചകൾ, എനർജി ക്ലബ് സംസ്ഥാനതല മത്സരങ്ങൾ എന്നിവ മേളയോട് അനുബന്ധിച്ച് നടക്കും.

*********************************

## CHIEF MINISTER – FOUNDATION

ആരോഗ്യ വകുപ്പിന്റെ അവയവമാറ്റ ആശുപത്രിയ്ക്ക് കോഴിക്കോട് ചേവായൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തറക്കല്ലിടും. 617 കോടി രൂപ ചെലവിലാണ് രാജ്യത്ത് ആദ്യമായി ഇത്തരമൊരു സംരംഭം ഒരുക്കുന്നത്.

*****************************************

## SABARIMALA

ശബരിമല തീർത്ഥാടനത്തിന് സമഗ്രമാറ്റം വരുത്താൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടികൾ ആരംഭിച്ചു. വരുന്ന മണ്ഡല - മകരവിളക്ക് മഹോത്സവത്തിനായുള്ള ഫെസ്റ്റിവൽ കൺട്രോൾ ഓഫീസ് ഏപ്രിൽ മാസത്തിൽ പമ്പയിൽ പ്രവർത്തനം ആരംഭിക്കും. ശബരിമല മണ്ഡല - മകരവിളക്ക് മഹോത്സവത്തിന് മാത്രമായി പ്രത്യേക ബഡ്ജറ്റ് തയ്യാറാക്കാനും തീരുമാനിച്ചു.

*****************************************

## MARAMON CONVENTION

131-ാമത് മാരാമൺ കൺവൻഷന് നാളെ പത്തനംതിട്ട ജില്ലയിൽ തുടക്കമാകും. നാളെ ഉച്ചയ്ക്ക് 2.30 ന് മലങ്കര മാർത്തോമ്മാ സുറിയാനി സഭ പരമാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. എട്ടു നാൾ നീളുന്ന കൺവൻഷൻ ഈ മാസം 15 ന് സമാപിക്കും.

*****************************************

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം സർവീസസിനെ നേരിടും. നാളെ അസമിലാണ് കലാശപ്പോരാട്ടം.

*****************************************

## PARIKSHA PE CHARCHA -2ND PART

പരീക്ഷാ പേ ചർച്ച 9-ാം പതിപ്പിൻറെ രണ്ടാം ഭാഗം തിങ്കളാഴ്ച. ആകാശവാണിയുടെ എല്ലാ നിലയങ്ങളും രാവിലെ 10 മണി മുതൽ പരിപാടി പ്രക്ഷേപണം ചെയ്യും. ആകാശവാണിയുടെ യുട്യൂബ് ചാനലിലും ലഭ്യമാകും.

*********************************

## AMIT SHAH- JAMMU VISIT

രണ്ടു ദിവസത്തെ സന്ദർശനത്തിന് ജമ്മു കശ്മീരിലെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്നലെ കതുവ ജില്ലയിലെ അന്താരാഷ്ട്ര അതിർത്തി പ്രദേശമായ ഹിരാനഗർ സെക്ടർ സന്ദർശിച്ചു. അതിർത്തി സുരക്ഷാ സേന ഉദ്യോഗസ്ഥർക്കായി വിവിധ ക്ഷേമ പദ്ധതികൾക്ക് തുടക്കം കുറിച്ച അദ്ദേഹം ഹിരാനഗർ സെക്ടറിലെ ഗുർനാം, ബോബിയാൻ എന്നീ അതിർത്തി ഔട്ട്പോസ്റ്റുകൾ സന്ദർശിച്ചു. ബി.എസ്.എഫ് ഉദ്യോഗസ്ഥരുമായി അതിർത്തിയിലെ സ്ഥിതിഗതികളെക്കുറിച്ച് ആഭ്യന്തര മന്ത്രി ചർച്ച നടത്തുകയും ചെയ്തു. ഇന്നലെ ലോക് ഭവനിൽ നടന്ന ഉന്നതതല സുരക്ഷാ അവലോകന യോഗത്തിൽ ശ്രീ അമിത്ഷാ അധ്യക്ഷത വഹിച്ചു. ജമ്മു കശ്മീരിലെ വികസനം അവലോകനം ചെയ്യുന്നതിനായി ആഭ്യന്തരമന്ത്രി ഇന്ന് മറ്റൊരു ഉന്നതതല യോഗം ചേരും.

****************************************************************************************